പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *105      02/03/2017 ൽ മറുപടിയ്ക്ക്

# റീ-സർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. |
| (ബി) റീ-സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് ആലോചി-ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ റീ-സർവ്വേ സമയബന്ധിതമായി പൂർത്തീകരി-ക്കുന്നതിന് സാധിക്കുമോയെന്ന് വെളിപ്പെടുത്തുമോ; | (ബി) 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കിയും യഥാസമയം പുരോഗതി വിലയിരുത്തിയും സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) റീ-സർവ്വേ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഏർപ്പെ-ടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ് (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് പൊതുജന പങ്കാളിത്തത്തോടെ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ